# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1940** **04.05.2017-ൽ മറുപടിക്ക്**

വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ പ്രശ്നങ്ങൾ

| | ചോദ്യം<br>ശ്രീ. കെ.ഡി. പ്രസേനൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് അതത് മണ്ഡലങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വൈദ്യുതി മന്ത്രി വിളിച്ചു ചേർത്ത എം.എൽ.എ. മാരുടെ യോഗത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും ഉന്നയിക്കപ്പെട്ട വിഷയങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | വൈദ്യുതി മന്ത്രി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ അവലോകനയോഗം നടത്തിയിരുന്നു. ആലത്തൂർ നിയോജകമണ്ഡലത്തെ സംബന്ധിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുത കണക്ഷൻ നൽകാനുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ, പദ്ധതിക്കായുള്ള ഫണ്ട് കണ്ടെത്തുവാനും വയറിംഗ് പൂർത്തിയാക്കാൻ പ്രാപ്തിയില്ലാത്ത വീടുകൾ വയർ ചെയ്യുന്നതിനുമായുള്ള മാർഗ്ഗങ്ങൾ എന്നീ വിഷയങ്ങളാണ് പ്രസ്തുത യോഗത്തിൽ ഉന്നയിക്കപ്പെട്ടത് . |
| (ബി) | ഇക്കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ചു തുടങ്ങിയോ; എങ്കിൽ വിശദമാക്കുമോ? | (ബി) | പദ്ധതിയിൽ അപേക്ഷ സമർപ്പിച്ച 1306 ഗുണഭോക്താക്കളിൽ 1304 പേർക്കും വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട് . അവശേഷിക്കുന്ന 2 വീടുകൾ വൈദ്യുതീകരിക്കുന്നതിന് Property Crossing Objection നുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട് . അനുമതി ലഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ പ്രസ്തുത കണക്ഷനുകളും നൽകി മണ്ഡലത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ് . |

Hemalatha

സെക്ഷൻ ഓഫീസർ